## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2220 26.03.2013 -ൽ മറുപടിക്ക്

**ഭവന നിർമ്മാണ ബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും,<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ)സർക്കാർ ജീവനക്കാർക്ക് 01.07.2009 മുതൽ നടപ്പാക്കി വരുന്ന ജി.ഒ(എം.എസ്) നമ്പർ 81/2010/ഫിൻ തീയതി 20.02.2010 ഉത്തരവ് പ്രകാരം പേ റിവിഷൻ എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടും സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നടപ്പിലാക്കുന്നത് വൈകുന്നതിന് കാരണം വ്യക്തമാക്കാമോ ? | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പേ റിവിഷൻ നടപ്പാക്കിയ ഉത്തരവ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബാധകമാക്കിയിട്ടില്ല. ഓരോ പൊതുമേഖലാ സ്ഥാപനത്തിനും പ്രത്യേകമായാണ് ശമ്പള പരിഷ്കരണം ഉത്തരവാകുന്നത്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ